**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 530** **09-11-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യവിഭവ ശോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥ വ്യതിയാനവും മത്സ്യവിഭവ ശോഷണത്തിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാട്ടുകളുടെ തിരോധാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ട്. ഓഖി, സുനാമി പോലുള്ള ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ട്. |
| (ബി) | വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറുമത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അശാസ്ത്രീയമായി മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ഇത്തരം മത്സ്യ ബന്ധനയാനങ്ങളെ ഇമ്പൗണ്ട് ചെയ്തു നിയമപ്രകാരം പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ ചെറുമീനുകളെ കൂട്ടത്തോടെ പിടിച്ചെടുക്കുന്നത് മത്സ്യ വിഭവ ശോഷണത്തിന് ഹേതുവാകും എന്ന് മനസ്സിലാക്കി കേരള തീരത്തു സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അത് ശക്തമായി നടപ്പിലാക്കി വരുന്നു. മത്സ്യ ത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുണ്ടെങ്കിലേ ഇത്തരം അശാസ്ത്രീയ മൽസ്യബന്ധനം തടയാൻ സാധിക്കൂ എന്നതിനാൽ 2017 ലെ KMFR Act പരിഷ്കരണത്തിലൂടെ മത്സ്യ തൊഴിലാളികളുടെ കൂടി പങ്കാളിത്തമുള്ള ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്കു രൂപം നൽകിയിട്ടുണ്ട്. അതിൽ സംസ്ഥാനതല ഫിഷറീസ് മാനേജ്മന്റ് കൗൺസിൽ ഇതിനകം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ